**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 781** **30-01-2024 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഇൻസ്പെക്ടർ/ ഓഡിറ്റർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടീം ഓഡിറ്റ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമായവിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 16.08.2022 ലെ സ.ഉ.(അച്ചടി) നം.144/2022/സഹ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിലും 03.11.2022 ലെ സ.ഉ.(അച്ചടി) നം.199/2022/സഹ നം. ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലും ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പത്തനംതിട്ട ജില്ലയിൽ 16.08.2022 തീയതിയിലും തൃശ്ശൂർ ജില്ലയിൽ 03.12.2022 തീയതിയിലും ടീം ഓഡിറ്റ് സംവിധാനം ആരംഭിച്ചു.<br><br>സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നിലവിലുള്ള കെ. എസ്.ആർ. സംവിധാനം നിലനിർത്തി സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനായി 6/5/2023 ലെ സ.ഉ.(അച്ചടി) നം.114/2023/സഹ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയത് പോലെ കെ.എസ്.ആർ.156 സംവിധാനം നിലനിർത്തിക്കൊണ്ട് ടീം ഓഡിറ്റിന്റെ പൈലറ്റ് പദ്ധതി ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിന് അനുമതി നൽകി 27.06.2023 ന് സ.ഉ.(അച്ചടി) നം.158/2023/സഹ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ടീം ഓഡിറ്റ് സംവിധാനം നടപ്പിൽ വരുത്തുമ്പോൾ നിലവിലുള്ള സംവിധാനത്തിൽ നിന്നും ഉന്നത നിലവാരമുള്ള കൂടുതൽ ഫലപ്രദമായ സംവിധാനത്തിലേക്ക് മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായിട്ടുള്ള സ്കീം സഹകരണ നിയമത്തിന്റെ സമഗ്ര പരിഷ്കരണം |

| | | | |
|---|---|---|---|
| | | | പൂർത്തിയായതിനുശേഷം അംഗീകരിച്ച് പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | 21.03.2022 തീയതിയിലെ ജി (3) 4562/ 2021 നമ്പർ കത്തായി വകുപ്പ് പുനഃസംഘടനയ്ക്കും ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്/വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സഹകരണ നിയമത്തിലും ചട്ടത്തിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നതിനും സഹകരണ വകുപ്പിന്റെ പുന:സംഘടനയ്ക്കും ഓഡിറ്റ് സംവിധാനം അഴിച്ചുപണിയുന്നതിനുമായി സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | സഹകരണ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് പര്യാപ്തമാണോ; വിശദാംശം നൽകുമോ; | (സി) | നിലവിലുള്ള കെ.എസ്.ആർ. സംവിധാനം നിലനിർത്തി കൊണ്ടാണ് ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്. സഹകരണ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംവിധാനം പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| (ഡി) | ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയ ജില്ലകളിൽ എത്ര ഓഡിറ്റർമാരുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും സംസ്ഥാനം മുഴുവനായി ടീം ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നിലവിൽ വകുപ്പിൽ ഉള്ളതിനേക്കാൾ എത്ര ഓഡിറ്റർമാരെയാണ് അധികമായി വേണ്ടി വരുന്നതെന്നും വിശദമാക്കുമോ; | (ഡി) | നിലവിലുള്ള കെ.എസ്.ആർ. സംവിധാനം നിലനിർത്തി കൊണ്ടാണ് ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്. സഹകരണ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംവിധാനം പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| (ഇ) | സഹകരണ വകുപ്പിൽ നിലവിൽ എത്ര ജൂനിയർ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; നിലവിലുള്ള ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ/ ഓഡിറ്റർ തസ്തികയിൽ 47 ഒഴിവുകളുണ്ട്. നേരിട്ടുള്ള നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 312 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഗ്രാമ സേവകരിൽ നിന്നും ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 150 പേർക്ക് നാളിതുവരെ നിയമനം നൽകി യിട്ടുണ്ട്. നിലവിലുള്ള ഒഴിവിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ